കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാര്യം — കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.എം.സുനിലിന്റെ മുൻകാല സർവ്വീസിലെ ശമ്പളം സംരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1563/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 29.04.2016.

---

പരാമർശം :
1. 13/07/1987- ലെ ജി.ഒ.(എം.എസ്) നം.162/87/തസ്വഭവ.
2. 07/06/89 -ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ.
3. 12/09/2006 - ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ.
4. 30/06/2009 ലെ ജി.ഒ(സാധ) നം.1605/2009/തസ്വഭവ.
5. 02/03/2012 ലെ ജി.ഒ(സാധ) നം.644/2012/തസ്വഭവ.
6. നഗരകാര്യഡയറക്ടറുടെ 25/11/2015 തീയതിയിലെ ഇ 3-/19152/15 നം. കത്ത്.

## ഉത്തരവ്

സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് പരാമർശം (4), (5) പ്രകാരം ഉത്തരവായിരുന്നു.

കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.എം.സുനിലിൽ 07/02/2003 ന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ മുനിസിപ്പൽ

കോമൺ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് 12/08/1999 മുതൽ 06/02/2003 വരെ പൊതുമരാമത്ത് വകുപ്പിൽ ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾ സംരക്ഷിച്ച് കിട്ടുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ നഗരകാര്യ ഡയറക്ടർ മുഖേന സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്ന 13/07/1987 ലെ സ.ഉ.(സാധ)നം. 162/87/തസ്വഭവ. ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യമുള്ളതിനാലും ശ്രീ.പി.എം.സുനിൽ 07/02/2003 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചത് ടി ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ടുള്ള 12/09/2006 ലെ സ.ഉ.(എം.എസ്) 211/06/തസ്വഭവ. ഉത്തരവിനും മദ്ധ്യേ ആയതിനാലും ടിയാന്റെ മുൻ സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് പരിഗണിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .(ശ്രീ.പി.എം.സുനിലിന്റെ സേവനപുസ്തകവും ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ.
ശ്രീ.പി.എം.സുനിൽ,സീനിയർ ക്ലാർക്ക്,കൊച്ചി നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.